കശ്യപന്റെ സഹധർമ്മിണി പദമലങ്കരിക്കുന്ന വിനതയും

കദ്രുവും ചേർന്നു വാണിടുന്നളവിലംഗുരിച്ച മദമോടവർ

കശ്യപന്റെ പരമാധികാരിയവളായൊരെന്നോടു നീയിനി

മത്സരിക്കേണ്ടയെന്നു ചൊല്ലീ കലഹം തുടർന്നിതു പരസ്പരം

കദ്രു

കശ്യപനു ഭോജനമതുണ്ടാക്കിടും പൊഴുതു

കദ്രുവിനുമുണ്ടാക്കിടാതയോ നീ

കശ്യപവൽക്കലം ശുദ്ധമാക്കുമ്പൊഴെൻ

വസ്ത്രവും വൃത്തിയാക്കീലയോ നീ

നാഗ സന്താനങ്ങളിന്നു വിസർജ്ജിച്ച

തൽപം വിമലമാക്കീലയോ നീ

കശ്യപനുടെ അർദ്ധാംഗനയായിങ്ങാദ്യം വന്നൊരു കദ്രുവഹം

കശ്യപനെ പാതിപകുത്തേകിയതാദ്യമെനിക്കെന്നറിയുകനീ

ജ്യേഷ്ഠ സപത്നിയൊടെന്തൊരഹന്ത നിനക്കെന്നോർക്കുമ്പോൾ

നിന്നെയുപേക്ഷിച്ചീടണമവനെന്നാഗ്രഹമെന്നുള്ളിൽ

വിനത

വിനയമെഴാതൊരു കാര്യം  പറവതിനോ ചെയ്വതിനോ

ഒരുനാളും വിനതയഹം നിനവാർന്നതുമില്ലേ

പതിയെ പരിപാലിപ്പതിനെളുതായൊരു മോഹം

അതു മാത്രം മതിയെന്നുടെ സോദരി നീ കേൾക്ക

അതുനിന്നുടെ ക്രോധത്തിരമാലകളിൽ തകരാ—

നിടയായീടരുതെന്നൊരപേക്ഷ സമർപ്പിപ്പൂ.

സുതനെ വേർ പിരിയും രുജതാങ്ങുവതിന്നാകാ-

തുഴലും മനതാരിൽ വാക്ശരമെയ്തീടൊല്ല

കദ്രു

കശ്യപനുള്ളോരർഘ്യമൊരുക്കാൻ നീയാണെങ്കിലു മായതവന്നുകൊ-

ടുപ്പാൻ ഞാൻമതി വേണ്ടാനീയതിനായിട്ടൊരുങ്ങിടേണ്ടാ വിനതേ

കശ്യപനുള്ള മഖത്തിനുചമതയൊ രുക്കാൻനീയാണെങ്കിലുമവനതു

നൽകിടുവാൻ ഞാനാണുസമർത്ഥയതെന്നറിയുക നീ വ്യർത്ഥേ

കശ്യപനുള്ളൊരു തൽപമൊരുക്കാൻ നീയാണേറ്റം ചതുരയതെങ്കിൽ

കശ്യപനൊത്തുശയിച്ചീടാൻ ഞാൻ നിപുണയതെന്നു ധരിക്കുക നീ.

പാതമെഴാതൊരു പാതിയുടൽപൂണ്ടുള്ളൊരു തനയനു ജന്മംനൽകിയ

നീയൊരു മാതാവല്ലൊരു ഭാര്യയുമല്ലെന്നറിയുക ചപലേ.

വിനത

ഉച്ചൈശ്രവസ്സിനുടെധവളാഭ യാളുമെന്നുള്ളിൽ തറച്ച നിൻവാക്യം

തീർക്കുന്നശോകാഗ്നിതന്നിൽ ഞാൻ വെന്തുവെന്തില്ലതെയാകാത്തതെന്തേ

കദ്രു

ഉച്ചൈശ്രവസ്സിൻദേഹംശ്വേതവർണ്ണമാണെന്ന-

ങ്ങുച്ചത്തിൽചൊല്ലാൻ നീയിന്നത്രക്കു ജ്ഞാനിയാണോ

പൃഷ്ഠഭാഗത്തുണ്ടല്ലോ വൃത്തത്തിൽകറുത്തൊരു

കുത്തൊന്നുള്ളതു നിനക്കറിവീലയോ മൂഢേ

എന്നുടെവാക്യം സത്യമെങ്കിലോ നിയെൻ ദാസി

യാകണം അല്ലായ്കിൽ ഞാൻ നിന്നുടെസേവികയും..

കാന്തൻ തന്റെ കിടക്ക പങ്കിടുവതിന്നായിട്ടു ജീവിപ്പൊരാ

പെണ്ണിൻ ധാർഷ്ട്യമടക്കി ഞാനുമവളെ നേടീടുമെൻ ദാസിയായ്

എന്നുള്ളോരു മനസ്സു പൂണ്ടു നിജ സന്താനങ്ങളോടന്നവൾ

കാലുഷ്യം കലരുന്ന കൽപനകളന്നോതീയവൾ കദ്രുവും.

കദ്രു.

മക്കളേ നാഗങ്ങളെ അമ്മിഞ്ഞതന്നോരമ്മ

ക്കിന്നൊരു കാര്യംനിങ്ങൾ സാധിച്ചു തന്നീടേണം.

ഉച്ചൈശ്രവസ്സിൻ ഭോജ്യം തന്നിലൂടകത്തേക്കു

ചെന്നതിൻപൃഷ്ഠഭാഗേ കറുത്തമറുകൊന്നായ്

കിടന്നു നാളെപുലർ കാലത്തുഞങ്ങൾനന്നായ്

നോക്കുംവരേക്കുംനിങ്ങൾ കാത്തങ്ങു വാണീടേണം.

മറുകില്ലായ്കിലമ്മ വിനതയവൾക്കിന്നു

ദാസിയാകുമെന്നല്ലോ നിശ്ചയം ഞങ്ങൾതമ്മിൽ

നാഗം

അരുതേ വെറുതേ കുത്സിത കർമ്മം ചെയ്‌വാൻ കൽപന നൽകീടരുതെ

കദ്രു

മാതൃശാപങ്ങളിൽ വെന്തു നീറീടണം എങ്കിലെൻ ആജ്ഞനീ ധിക്കരിച്ചീടുക

മാതൃവാക്യം വേദവാക്യമതാണുഞങ്ങൾക്കിന്നു മാതേ

താമസിച്ചീടാതെ ഞങ്ങൾ ആജ്ഞയതു പാലിച്ചിടാം.

ദാസിയായ് തീർത്തിടാം നിന്നുടെ പാദ സേവികയാക്കിടാം

നിൻസപത്നിയതായ വിനത ക്കുള്ളഗർവ്വം തീർത്തിടാം.

പാകമായീടാത്തൊരണ്ഡമുടച്ചു പകുതിഗാത്രനാക്കിയ

പുത്രനിന്നു വരുന്നതല്ലിവളെ തുണപ്പതിനായിനൂനം.

സൂര്യൻ പിന്നെയുദിച്ച നേരമവരന്നുച്ചൈഃശ്രവസ്സിൻ വപു-

സ്സേറ്റംസൂക്ഷ്മമതായ് നിരീക്ഷണമതിന്നായി ത്തുനിഞ്ഞായിതേ

മേലും കാലുമവന്റെ ദേഹമതു നന്നായിട്ടു നോക്കീടവേ

ചേലിൽ കണ്ടൊരു ശ്യാമ വർണ്ണമതു കാണിച്ചിട്ടു ചൊല്ലീതവൾ

കദ്രു

കണ്ടായോ കരിവണ്ടുകണക്കൊരു മറുകീകുതിരത്തുടയിൽ വിനതേ

ചളിയല്ലിതു ചതിയല്ലിതു നീയിതു കാണുകചകിതകണ്ണാൽ

സപത്നിയല്ലിനിമേലിൽ നീയെൻ വിഴുപ്പലക്കും ദാസിയഹോ

അടിമയായ നിന്നുടമ ഞാനെന്നു മുടനടി പതിയോടോതുക നീ.

കാൽ കഴുകേണം ബാഷ്പ കണങ്ങൾ തുടച്ചീടേണം പുനർണ്ണവങ്ങൾ മു-

റിച്ചീടേണം എന്നുടെ സന്തത സഹചാരിണിയായ് ത്തീരേണം.

ദണ്ഡകം

നാഗങ്ങൾ തന്നുടയ മാതാവു ചൊന്ന മൊഴി കാതും കുളച്ചു മനതാരിൽ

ചിമ്മുറിവു തീർത്തു സങ്കടമുതിർത്തു.

അടിമയുടെ വേഷമുടനഭിനയിപ്പതിനു ഹൃദി

ചിന്തിച്ചുറച്ചു വിമലാംഗി

ആരുണ്ടെനിക്കു തുണ ആരുണ്ടെനിക്കു തണലാരുണ്ടെനിക്കു ദുഷ്ക്കാലേ

മനമിടറി വാണൂ അടിപതറി വീണൂ

അരുണനുടെ യരിശമതു വിനതയുടെ ദുരിതമായ്

തീർന്നെന്നു കരുതിയവൾ കേണൂ

ആപത്തുകാലത്തൊരേകത്തുണക്കായി നാഗേന്ദ്ര തൽപമതിൽ വാഴും

ശ്രീഹരിപദാബ്ജേ ചിത്തമതു ചേർത്തു

അരുണസഹജനുടനടിജനിയാർന്നിടുന്നതിനു

മനമുരുകി ഹരിയൊടവൾ കേണൂ..

വിനത

ആരോരുമില്ലാത്തൊരേഴയാമെന്ന യി-ന്നാരുണ്ടു രക്ഷിപ്പതിന്നായ്

നൽകാം നിനക്കുള്ള വാഹനമായെൻ സുതനെ നിനക്കുഞാൻ ശ്രീവല്ലഭാ

അടിമത്തമിതു നൽകിടാതെന്റെ വിടുതലിന്നയി ഭവാൻ തുണ ചെയ്ക ദേവാ

താതനില്ലല്ലോ പതിയുമില്ലല്ലോ സുതനുമില്ലാത്തവളയ്യോ

സഖിയുമില്ലല്ലോ സഹോദരി തന്നുടെ ചതിയിൽ ഞാൻ വീണതിന്നയ്യോ

മകനേ ജനിക്കേണ മുടനെനീ ജനിയാർന്നു

ജനനി  തൻ അഴമാർന്ന കണ്ണീർ തുടച്ചു നീ

അടിമത്തമാകിയ ചങ്ങല പൊട്ടിച്ചു വിടുതലെനിക്കേകിടേണം

 (ഗരുഡൻ അണ്ഡം പിളർന്ന് ജനിക്കുന്നു.)

വജ്രതുണ്ഡമുന പേർത്തു പിളർത്തി

താമ്ര പർണ്ണയുഗളങ്ങൾ നിവർത്തി

ജ്വാലപോലെഴും തൂവൽ വിടർത്തി

കാൽനഖങ്ങളിൽ രൗദ്രമമർത്തി-ജാതനായി വൈനതേയനാം ഖഗേന്ദ്രനൂഴിയിൽ

ഗഗന സീമയതളക്കും കണ്ണിൽ

സ്ഥിരതയാർന്ന ദൃഢനിശ്ചയമോടും

ധവളമാം ഭസ്മ ലേപനമുള്ളൊരു

തലയെടുപ്പു നഭമണ്ഡലമൂഴ്ന്നും- ജാതനായി വൈനതേയനാം ഖഗേന്ദ്രനൂഴിയിൽ

ജനനി തൻ ദാസ്യബന്ധനമോചന

ലക്ഷ്യമോടു ദൃഢ ചിത്തനതായി

~~പക്ഷി വംശ??~~

നേത്രനീരൊഴുക്കീടുമാ ജനനി

തൻ പദം തൊഴുതു ചൊല്ലീ മധുരം

നിന്നെ പ്രദക്ഷിണം വച്ചെന്റെ ചിറകിന്നു ശക്തീ ഭവിച്ചിടട്ടെ നിൻ

അശ്രു ലവണം നുകർന്നു കരുത്തനായ് തീരട്ടെ ഞാനെന്നുമേ

നിന്നോടു ചെയ്തൊരപരാധ ഗാഥകൾ കേട്ടെനിക്കൂർജ്ജമരുളട്ടെ

നിൻ കടക്കണ്ണിലെ വാത്സല്യമേറ്റു ഞാൻ ഉന്നതനായ് ഭവിക്കട്ടെ

എൻ ചിറകിൻ കീഴിലിന്നു സുരക്ഷിതയാണെന്റെ മാതാവു നീ

നിന്നുടെ വാഞ്ഛിതം സാധിപ്പതെന്നുടെ ജീവിത ലക്ഷ്യമഹോ

വിനത

നിന്നമ്മയിന്നൊരു ദാസിയാണെന്നറിഞ്ഞീടേണമെൻ നന്ദനാ

കദ്രു തൻ കാപട്യ വൃത്തിയാൽ സ്വാതന്ത്ര്യമറ്റവൾ ഞാനിന്നഹോ

പുത്ര ലാഭത്തിനായക്ഷമ പൂണ്ടഞാൻ അണ്ഡമുടച്ചതിൻ മൂലം

സൽപുയത്രനായ നിൻ ജ്യേഷ്ഠന്റെ ദേഹം വളർച്ചമുറ്റാതെ ജനിച്ചു

ദാസ്യം ശപിച്ചവൻ നീയതിനുള്ളൊരു മോക്ഷം തരുമെന്നു ചൊല്ലി

സൂര്യസാരഥിയായി വ്യോമേ ഗമിപ്പോരു അരുണൻ തവ ജ്യേഷ്ഠനും

അടിമയെനിക്കു പിറന്ന നീയും മറ്റോരടിമയെന്നറിയുക നീ.

ഉടമ യാ പാമ്പുകളുളാണു നമ്മൾക്കെന്നു മറിയുക നീ മകനേ

ഗരുഡൻ

ത്രാണനം ചെയ്യുന്നവനാണു സൽപുത്രനെന്നറിവീലയോ നീ

നിൻ മനോവഹ്നിയിൽ സ്നേഹാംബു വീഴ്ത്തി തുഹിനാർദ്രമാക്കിടും ഞാൻ

അമ്മയെ രക്ഷിപ്പതിന്നായൊരുങ്ങുന്ന പുത്രനെ രോധിപ്പനാരോ

മുപ്പാരിലാരവനെങ്കിലും കൊത്തി നുറുക്കിടും ഗാരുഡ വിക്രമൻ ഞാൻ

എന്റെ മാതാവിന്റെ കണ്ണുനീർ ഭൂമിയിൽ വീഴുന്നതു കണ്ടു മോദിച്ചിടുന്നവർ

ആരെങ്കിലുമാട്ടെ ഇന്നവരെ കൊന്നു തിന്നുന്നതുണ്ടു ഞാൻ വിനതാത്മജൻ

വിനതേ അഭിനന്ദനമിന്നോരടിമകുഞ്ഞിനു ജന്മം നൽകിയ നിനക്കഹോ

ഖഗസുതനിവനതി ബലവാനതു പാഴാക്കില്ലിവനുടെ യജമാനൻ

ഉടനെ മമ സുതരെചിറകേറ്റി നീ ഗഗനേ ഉ-

ഡ്ഡയനമാർന്നു ലയനമാർന്നു ദ്യോവിൽ

ഗരുഡനിന്നു ചിറകടിച്ചു പിറി നടന്നീടണം

സുരലോക കവാടം പിന്നീട ളകാപുരി ചൈത്രരഥം

എന്നിവിടങ്ങളിലെന്നെയുമെൻ സന്തതിമാരേയുമെടുത്തു പറന്നു പ-

റന്നീ ത്രിലോക കാഴ്ചകൾ കാണിക്കേണം

ഗരുഡൻ

അടിമ യായി തുടരുവാനിനി സാദ്ധ്യമല്ലെന്നറിയുക

മോചന ദ്രവ്യമായ് നൽകീടേണ്ടതെന്തെന്നരുളുക

ആമരന്മാരമൃതേത്തു കഴിക്കുന്നമൃതം മമത്രത്തോടങ്ങെടുത്തു

കൊണ്ടിഹ നൽകാൻ സാദ്ധ്യമതെങ്കിൽ

ദാസ്യമതിൽനിന്നുടനടി മോചനമായീടാം.

ഗരുഡൻ വിനതയോട്.

സ്വർഗം ലക്ഷ്യമതാക്കി ഗമിപ്പാൻ നൽകീടണമനുവാദമതുടനെ

ഔഷധകുംഭവുമായുടനടിഞാൻ വരുവേനെന്നറിയുക നീ മാതേ

വിനത.

മോചന ദ്രവ്യമോർത്താലഹോ പ്രാപ്യമല്ലതുള്ളൊരമൃതകുംഭം

ദേവലോകത്തുള്ള ദേവേന്ദ്രനാലതു പാലിപ്പതെന്നറിക നീ

പക്ഷിക്കിടാവായ നീയെങ്ങു വജ്രായുധനായ ദേവേന്ദ്രനെങ്ങു പുത്രാ.

ശാപവും ദാസ്യവും നൽകിയ ബന്ധനം നീതാനഴിച്ചു നൽകേണം സുതാ.

**സ്വർഗ്ഗസ്ഥ ാനം നിരൂപിച്ചുതനടി ഗരുഡൻ മാതൃപാദം നമിച്ചു-**

**(വാനദ്ദുർഗ്ഗം കടന്നങ്ങുടനടി)----------ആകാശ ഗ്ഗോപുരം വിട്ടുടനടി -----------സുരലോകത്തെയും ലക്ഷ്യമാക്കി**

**സ്വർണ്ണപ്പക്ഷങ്ങൾ വാനിൽ പിണരുകളുതിരും വണ്ണമാ വൈനതെയൻ**

**പാരിദ്വോവും കടന്നങ്ങരപുരമതിൽ ചെന്നിറങ്ങീ സുപർണ്ണൻ**

സ്വർല്ലോകം പുക്കു

ഇന്ദ്രൻ

ആമരാവതിയിതിലനുവാദമെഴാതിന്നു പറന്നു കടന്നൊരു ഖഗമേ

ഔഷധകുംഭമിരിക്കുമിടത്തേക്കണയുകിലിന്നു വധിക്കുമഹം

ഗരുഡൻ

കോടി ഭടജനങ്ങളാണയിട്ടു കാത്തരുളിടുന്ന

ആയിരം കടാക്ഷമുറ്റു നോക്കിടുന്നമൃതകുംഭ-

മിന്നു നീ നോക്കിനിൽക്കവേ വെന്നു കൊക്കുകൊണ്ടു കൊത്തി

കൊണ്ടുപോകുന്നതു നീയും കണ്ടുകൊൾകഹോ

ഇന്ദ്രൻ

കയ്യില്വ കയ്യിലൊരു വില്ലില്ല വേലില്ല ശരമില്ല പിന്നെ കരുത്തില്ല പോരിനായ്

ഇല്ലമൂഷികവുമില്ല പാമ്പുകളുമില്ലെന്തിര തേടി വന്നു നീ പരുന്തുപക്ഷിക്കുഞ്ഞേ നീ

ഗരുഡൻ

പക്ഷീന്ദ്രനെന്നോടു ദേവേന്ദ്രനായനീ യുദ്ധത്തിനായണഞ്ഞീടുമെന്നാകിൽ ഞാൻ

കരുത്തുള്ള കൊക്കിൽ നിന്നെ യെടുത്തു കാൽ നഖം കൊണ്ടു

ഖണ്ഡം തുണ്ഡമാക്കിടുവൻ സഹസ്ര നേത്രാ

**ദേവേന്ദ്രൻ തന്നെവെന്നങ്ങമര പുരിയതിൽ വന്നെതിർത്തുള്ള ദേവ-**

ന്മായേും വെന്നു ഭദ്രം കരുതി രഹസി സൂക്ഷിച്ച പീയൂഷ കുംഭം

വീര്യത്തോടങ്ങു ചെന്നങ്ങധിക മുദിതനായ് വൈനതേയൻ സഹർഷം

കൈക്കൊണ്ടിട്ടൂർവ്വി മാർഗം(തന്നിൽ) ഝടുതിപറപറന്നെത്തി മാതൃ സ്സമീപം

ഗരുഡൻ

അമൃത കുംഭമിതു കൈകൊണ്ടീടുക നീ

കലുഷ ഭാവമതു മൊഴിവാക്കീടുക നീ

മോചിതയായ്ത്തീർന്നെന്നുടെ മാതാവും

മോചനദ്രവ്യ മിതുഞാൻ നൽകീടാം

ദർഭവിരിച്ച വിതാനമതിൽ അമൃതം

വച്ചു കുളിച്ചു പവിത്രരതായ്നിങ്ങൾ

വന്നു ഭുജിക്കുവതാണതിനുത്തമവും

എന്നൊരു ശാസ്ത്രം ചൊല്ലുവതറിയാതോ

കദ്രു

ദർഭപ്പുല്ലും വിരിച്ച ങ്ങതി ലതി വിമലം പൂർണ്ണപീയൂഷ കുംഭം

ചെമ്മേ വച്ചിട്ടു പാമ്പിൻ ജനനിയുമവൾതൻ പുത്രരും ഗാത്രശുദ്ധി

കൈക്കൊണ്ടീടാൻ പവിത്രം തടിനിയതിലുടൽ സ്നാനവും ചെയ്തവാറ-

ങ്ങേറ്റം സാമർത്ഥ്യമോടങ്ങമൃത കലശവും കൊണ്ടു പോയാൻ സുരേന്ദ്രൻ

ചതിച്ചു നീയിന്നെന്നുടെ തനയരെ യഖിലം വിനതാ സുതനേ

എവിടെപ്പോയമൃത നിഭൃതമാം ഭാജനമിന്നുടനെ ചൊൽ

എടുത്തുകുടിച്ചു നീയാ പീയൂഷമെല്ലാം നിനപ്പു ഞാൻ

നിന്നെ വിഷപ്പല്ലുകളാൽ കൊത്തി ക്കീറിടുമെൻ മക്കൾ

നാഗം

പരുന്തായ നിന്നഹങ്കാരത്തിലെൻ വിഷ-

പ്പല്ലുകൾ കൊണ്ടുഞാൻ കൊത്തിവലിച്ചിന്നു

നിന്നുടലാകുമിരവിഴുങ്ങിക്കിട-

ന്നൊന്നുറങ്ങീടുന്നതുണ്ടിന്നു കണ്ടുകൊൾ

ഗരുഡൻ

ചെറുവിരൽ മൂത്താൽ പെരുവിരലോളമെ-

ന്നറിവീലയോ കാർദ്രവേയകുലാധമാ

മാളങ്ങളോരോന്നുമെണ്ണിവച്ചീടു ഞാൻ

പാറിപ്പറന്നാക്രമിച്ചിടുമ്പോൾ

(യുദ്ധം ഗരുഡൻ നാഗത്തെ ആക്രമിച്ച് കീഴ്പ്പെടുത്തുന്നു.)

കൊടുത്ത വചസ്സു പാലിപ്പതിനായ് ഞാൻ

നടിച്ചു വിനയം നാളിന്നു വരേക്കും

നിനക്കു മുന്നിൽ നിന്നുടെ തനയരെ ഞാൻ

കൊത്തി മുറിച്ച് ഭുജിച്ചിടുമതു കാൺക.

കദ്രു

ഇഴഞ്ഞുനടന്നീടുമെന്റെ തനയരെ കുരുതികഴിക്കരുതെൻ ഗരുഡാ

വലിയമ്മയെന്നോടലിവുനിനക്കിന്നു ലവമോളമുണ്ടെങ്കിലോരു വരം താ

എന്നപരാധങ്ങളെല്ലാം പൊറുക്കേണമിന്നു വിനതാസുതാ

ഞാൻ മൂലമുണ്ടായ ദുഖങ്ങളെല്ലാം മറന്നീടവേണമേ നീ വിനതേ

വിനത

ക്ഷുത്താൽ വലയും നേരം മറ്റൊരു ഭോജ്യമതും ലഭിയാതെ വരുമ്പോൾ

മാത്രം നാഗങ്ങളെ നീ ഭക്ഷിച്ചീടാവൂ ഞാൻ കൽപിക്കാം

അഹിഭൂഷണനെയുമഹിതൽപശായി തന്നെയു മാരാധിക്കുന്നവരെ

കൊല്ലാനില്ലധികാരവു മോർക്കുക സുവർണ്ണപർണ്ണാ ഗരുഡാ.